ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2003-ലെ വഖഫ് ബോർഡ് റഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിലുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ വഖഫ് ബോർഡിൽ നിന്നും ലഭിച്ചിട്ടില്ല. 2003-ലെ വഖഫ് റഗുലേഷൻ ഭേദഗതി ചെയ്യുമ്പോൾ വഖഫ് ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി അടക്കമുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കാൻ സാധിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പദ്ധതികൾ

214 (1972) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടലോരമേഖലയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പുറംകടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യ തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ അവരെ രക്ഷിക്കുന്നതിനായി കേന്ദ്ര സുരക്ഷാ ഏജൻസികളുടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ സംസ്ഥാനാതിർത്തിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശമാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. കടൽ രക്ഷാ പ്രവർത്തനത്തിനായി ഒരു പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ 60 പേർ അടങ്ങുന്ന മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

2. കേരളത്തിൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിനായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല ഫിഷറീസ് കൺട്രോൾ റൂമുകൾ അപകട സാധ്യത കൂടുതലുള്ള കാലവർഷക്കാലത്ത് തുറന്ന് പ്രവർത്തിക്കുന്നു. ഈ കൺട്രോൾ റൂമിൽ നിന്നും കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കത്തക്ക വിധത്തിൽ മൈക്ക് മൂലവും ന്യൂസ് പേപ്പർ, എ.ഐ.ആർ. ദൂരദർശൻ തുടങ്ങിയ വാർത്താ മാധ്യമങ്ങൾ മുഖാന്തരവും നൽകുന്നു.

4. കടലിൽ ഉണ്ടാകുന്ന അപകടങ്ങളെപ്പറ്റിയും അത് കഴിയുന്നതും ഒഴിവാക്കുന്നതിനു വേണ്ട മുൻകരുതൽ നടപടികളെപ്പറ്റിയും. അപകടം സംഭവിച്ചാൽ അനുഷ്ഠിക്കേണ്ട കാര്യങ്ങളെപ്പറ്റിയും മത്സ്യത്തൊഴിലാളികൾക്ക് ബോധനം നൽകുന്നു.

5. കടൽരക്ഷാ പ്രവർത്തനത്തിനായി 24 മണിക്കൂറും പ്രവർത്തന സജ്ജമായ ബോട്ടുകൾ പ്രവർത്തിക്കുന്നു.

6. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നു.

7. ഫിഷറീസ്, പോർട്ട്, റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുള്ള രക്ഷാ പ്രവർത്തനം നടത്തുന്നു.

8. നേവി, കോസ്റ്റ് ഗാർഡ് എന്നീ ഏജൻസികളുടെ സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ റവന്യൂ ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് കപ്പലും, ഹെലികോപ്ടറും മറ്റും ലഭ്യമാക്കുന്നു.

9. മത്സ്യത്തൊഴിലാളി യുവാക്കൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ രക്ഷാ പ്രവർത്തനത്തിൽ പരിശീലനം നൽകി അവരെ റസ്ക്യൂ സ്കാഡായി ഫിഷറീസ് സ്റ്റേഷനുകളിൽ നിയമിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി/സുനാമി അടിയന്തര സഹായ പദ്ധതി പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 7262 മത്സ്യബന്ധനയാനങ്ങൾക്ക് സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തു വരുന്നു.

(ബി) സുനാമി അടിയന്തര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവ പ്രകാരം 7262 പരമ്പരാഗത യാന ഉടമകൾക്ക് സുരക്ഷാ കിറ്റുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പുറം കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച യാനങ്ങൾക്കാണ് മുൻഗണന. സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, സർവൈവൽ റേഷൻ, റഡാർ റിഫ്ളക്ടർ, കോംപസ് എമർജൻസി ഫ്ളാഷ് ലൈറ്റ്, ജാക്ക് നൈഫ്, ഫസ്റ്റ്എയ്ഡ് കിറ്റ്, കന്നാസ് എന്നിവ സുരക്ഷാ കിറ്റിൽ ഉൾപ്പെടുന്നു. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുന്ന കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്ന കടൽ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളുള്ള 3 റെസ്ക്യൂ ബോട്ടുകൾ വാങ്ങിയിട്ടുണ്ട്. രണ്ടെണ്ണം കൂടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ അടിയന്തര ഘട്ടങ്ങളിൽ കോസ്റ്റ് ഗാർഡ്, നേവി എന്നീ ഏജൻസികളുടെയും സഹായം ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. ഫിഷറീസ് സ്റ്റേഷൻ നിലവില്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, വിഴിഞ്ഞം, നീണ്ടകര, കാസർഗോഡ് എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുക.

2. കടലിൽ യാനങ്ങൾ എവിടെയാണെന്ന് കണ്ടെത്തുന്നതിനുള്ള ഉപകരണം, ട്രാൻസ്പോണ്ടർ ഘടിപ്പിക്കൽ.

3. എല്ലാ യാനങ്ങൾക്കും സുരക്ഷാ കിറ്റുകൾ നൽകൽ എന്നിവയാണ് അവ.

ഉരുക്കൾക്ക് വ്യാജലൈസൻസ് നേടുന്ന സംഭവങ്ങൾ

215 (1973) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രമായിരിക്കണമെന്ന നയം പ്രാവർത്തികമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മത്സ്യത്തൊഴിലാളികളുടെ പേരിൽ മറ്റു വിഭാഗത്തിലുള്ളവർ വ്യാജമായി മത്സ്യബന്ധനത്തിനുള്ള ഉരുക്കൾക്ക് ലൈസൻസ് നേടുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇത്തരം വ്യാജ ലൈസൻസുകൾ കണ്ടെത്താനും അവ റദ്ദ് ചെയ്യുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) ഈ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നു എന്നുറപ്പു വരുത്താൻ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ;

(ഇ) മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നല്ലാതെ തീരമത്സ്യബന്ധനത്തിന് ഉരുക്കൾക്ക് നൽകിയിരുന്ന നിലവിലുള്ള ലൈസൻസുകളുടെ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിക്കില്ല എന്നുറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തീരക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രമായിരിക്കണമെന്ന നയം പ്രാവർത്തികമാക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്നതിനുള്ള 'കേരള അക്വേറിയൻ റിഫോംസ്' എന്ന ബില്ലിന്റെ കരട് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) നിലവിൽ കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചാണ് മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യബന്ധനത്തിനായുള്ള ലൈസൻസ് നൽകി വരുന്നത്. പ്രസ്തുത നിയമപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തിക്കൊണ്ട് വ്യവസ്ഥ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly